**പതിമൂന്നാം കേരള നിയമസഭ**

നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 118</u> <u>05.03.2012 ൽ മറുപടിക്ക്</u>

<u>റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന് പോലീസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>,, പി. കെ. ബഷീർ<br>,, കെ. എം. ഷാജി<br>,, വി. എം. ഉമ്മർ മാസ്റ്റർ | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന് പോലീസ് വകുപ്പ് എന്തൊക്കെ രീതിയിലുള്ള പരിശോധനകളാണ് നടത്തിവരുന്നതെന്ന് വിശദമാക്കുമോ; | (എ) | റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന് പോലീസ് വകുപ്പ് സ്പീഡ് റഡാറുകൾ ഉപയോഗിച്ചും പ്രധാനപ്പെട്ട കവലകളിൽ ക്യാമറ സംവിധാനം, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ എന്നിവ സ്ഥാപിച്ചും ഇന്റർസെപ്ടറുകൾ , ആൽക്കോമീറ്റർ എന്നിവ ഉപയോഗിച്ചും പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ മോട്ടോർവാഹന നിയമ ലംഘനം കണ്ടുപിടിക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥർ കർശന വാഹനപരിശോധനയും നടത്തി വരുന്നു. |
| (ബി) | സ്കൂൾവാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് നിയന്ത്രിക്കാൻ നിഷ്ക്കർഷിച്ചിട്ടുള്ള നിബന്ധനകൾ എന്തെല്ലാമെന്നും അവ കർശനമായി നടപ്പാക്കാൻ പോലീസ് സ്വീകരിച്ചുവരുന്ന നടപടികളെന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് സ്കൂൾ വാഹനങ്ങൾ ഉപയോഗിക്കുന്നതിന് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ ബസിൽ കയറ്റേണ്ട കുട്ടികളുടെ എണ്ണം, ബസിന്റെ വേഗത, ഡ്രൈവറുടെ യോഗ്യത എന്നിവയും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതു കൂടാതെ സ്കൂളുകളുടെ പരിസരത്ത് വേഗപരിധി നിയമം കർശനമായി പാലിക്കു |

| | | | |
|---|---|---|---|
| | | | ന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ട്രാഫിക് ചട്ടലംഘനങ്ങളിൽപ്പെടുന്ന മദ്യപിച്ചുള്ള ഡ്രൈവിംഗ്, അമിതവേഗത, ലൈസൻസില്ലാതെയുള്ള ഡ്രൈവിംഗ്, ഓവർലോഡ് എന്നിവയാണ് ട്രാഫിക് അപകടങ്ങളുടെ മുഖ്യകാരണമെന്നിരിക്കെ അവയെ അവഗണിച്ച് ഹെൽമെറ്റ് വേട്ടയ്ക്ക് അമിത പ്രാധാന്യം നൽകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | എല്ലാതരം ട്രാഫിക് നിയമലംഘനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് പരിശോധന നടത്തിവരുന്നത്. മോട്ടോർ വാഹനനിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള നിയമങ്ങളുടെ ലംഘനങ്ങൾ എല്ലാം കുറ്റകരമാണ്. വാഹന അപകടങ്ങളിൽ മരണപ്പെടുന്നവരുടെ കണക്കെടുത്താൽ ഇരു ചക്രവാഹനയാത്രക്കാരാണ് അധികം എന്നതിനാൽ ഹെൽമറ്റ് ഉപയോഗിക്കാതെ യാത്രചെയ്യുന്നവരെ നിയമലംഘനത്തിന് ശിക്ഷിക്കാതിരിക്കാൻ നിർവ്വാഹമില്ല. |
| (ഡി) | നിയമലംഘനത്തിന്റെ പേരിൽ 2011-ൽ പോലീസ് നടപടി സ്വീകരിച്ചിട്ടുള്ള കേസുകളുടെ എണ്ണം സംബന്ധിച്ച വിശദവിവരം നൽകാമോ ? | (ഡി) | 2011-ൽ 265877 ക്രൈം കേസുകളും 2229462 പെറ്റികേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ